"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ് വണ്ടിത്താവളം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) ശ്രീമതി. വിൻസി. എം. ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 11274/2025 റിട്ട് ഹർജിയിലെ 24.03.2025 ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10264/2025/GEDN തീയതി, തിരുവനന്തപുരം, 15-12-2025

---

പരാമർശം:-

1. പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ് വണ്ടിത്താവളം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) ശ്രീമതി. വിൻസി എം. സമർപ്പിച്ച 27.02.2025 തീയതി പുന: പരിശോധന ഹർജി (Ext. P11).
2. WP (C) No. 11274/2025 റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 24/03/2025 തീയതിയിലെ വിധിന്യായം.
3. ഹയർ സെക്കണ്ടറി വിഭാഗം മലപ്പുറം മേഖലാ ഉപമേധാവിയുടെ 29/10/2025 തീയതിയിലെ RDDHSE/MLPM/5277/2025-F നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) 30.10.2025 തീയതിയിലെ HSE/7895/2025-AcdA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ് വണ്ടിത്താവളം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) ശ്രീമതി. വിൻസി. എം 16.12.2024 തീയതിയിൽ എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) തസ്തികയിലേക്കുള്ള ടിയാളുടെ നിയമനം അംഗീകാരം വൈകുന്നു എന്ന് ചൂണ്ടിക്കാട്ടി ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി WP (C) No. 11274/2025 ഫയൽ ചെയ്യുകയും, ടി ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 24.03.2025 ലെ വിധിന്യായത്തിൽ പരാമർശം (1) പുന:പരിശോധന ഹർജിയിൽ ഹർജിക്കാരെ കേട്ടതിനു ശേഷം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി WP(C) No. 11274/2025യിലെ വിധിന്യായം അനുസരിച്ച് 30/10/2025ന് പൊതുവിദ്യാഭാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഹർജിക്കാരുമായി കൂടിക്കാഴ്ച നടത്തുവാൻ തീരുമാനിച്ചിരുന്നു. ഈ വിഷയത്തിൽ ശ്രീമതി. വിൻസി. എം., പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം സ്കൂൾ മാനേജർ, പൊ.വി.വ (ഹയർ സെക്കണ്ടറി വിഭാഗം) മലപ്പുറം മേഖലാ ഉപമേധാവി , പൊതുവിദ്യാഭ്യാസ ഡയറക്ടർ

(ഹയർ സെക്കണ്ടറി വിഭാഗം) എന്നിവരുടെ സമാനമായ റിപ്പോർട്ട് ചുവടെപ്പറയും വിധമാണ് :

" കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം സ്കൂളിൽ 01/06/2019 ന് ഒഴിവ് വന്ന എച്ച്.എസ്.എസ്.ടി ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ ശ്രീമതി. വിൻസി.എം നെ 16/12/2024 മുതൽ നിയമിച്ചത് അംഗീകാരത്തിനായി മാനേജർ സമർപ്പിച്ചിരുന്ന അപേക്ഷയിൽ റോസ്റ്റർ ഡാറ്റ, റിക്വസിഷൻ രസീത് എന്നിവ ഉൾപ്പെടുത്തിയിരുന്നില്ലാത്തതിനാൽ റോസ്റ്റർ ഡാറ്റ, റിക്വസിഷൻ രസീത് എന്നിവ സഹിതം അപേക്ഷ പുന:സമർപ്പിക്കുവാൻ നിർദേശിച്ചുകൊണ്ടു ടി അപേക്ഷ മലപ്പുറം ആർ ഡി ഡി 25/02/2025 ന മടക്കി നൽകുകയും റോസ്റ്റർ ഡാറ്റയും ജൂനിയർ ഹിസ്റ്ററി തസ്തിക ഭിന്നശേഷി നിയമനത്തിനായി മാറ്റി വെച്ച് റിക്വസിഷൻ രശീതും സഹിതം അപേക്ഷ മാനേജർ 19/05/2025 ന് അപേക്ഷ പുന:സമർപ്പിക്കുകയും, ആയതിനെ തുടർന്ന് 28/05/2025 ന് എച്ച്.എസ്.എസ്.ടി. ജൂനിയർ ഇക്കണോമിക്സ് തസ്തികയിലെ നിയമനത്തിന് ടിയാൾക്ക് മലപ്പുറം ആർ.ഡി.ഡി.യുടെ 28-05-2025 തീയതിയിലെ RDDHSE/MLPM/2461/2025F നമ്പർ ഉത്തരവ് പ്രകാരം 16/12/2024 മുതൽ തസ്തിക നിലനിൽക്കുന്നത് വരെ പ്രൊവിഷണൽ ആയി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പാലക്കാട് കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം എച്ച്.എസ്.എസ്.ടി., ഇക്കണോമിക്സ് (ജൂനിയർ) ആയ ശ്രീമതി. വിൻസി. എം സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജിയിലെ ആവശ്യം തീർപ്പാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ഇനി മറ്റ് നടപടികൾ ഒന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല എന്ന് ഹർജിക്കാരി വ്യക്തമാക്കിയിട്ടുള്ളതുമാണ്. "

3. മേൽ സാഹചര്യത്തിൽ, കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ ശ്രീമതി. വിൻസി.എം. ന്റെ 27/02/2025 തീയതി പുന: പരിശോധന ഹർജി (Ext.P11) യിലെ ആവശ്യത്തിന്മേൽ മലപ്പുറം ആർ ഡി ഡി യുടെ 28-05-2025 തീയതിയിലെ RDDHSE/MLPM/2461/2025F നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. വിൻസി. എം.ന്റെ നിയമനം പ്രൊവിഷണലായി അംഗീകാരം നൽകിയിട്ടുള്ളതിനാൽ അപ്രകാരം WP(C) No. 11274/2025 ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ 24.03.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ് :

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർ സെക്കണ്ടറി വിഭാഗം, മലപ്പുറം - 676 505.
മാനേജർ, കെ.കെ. എം.ഹച്ച്. എസ്.എസ്. വണ്ടിത്താവളം,പാലക്കാട് -678 534.
ഹെഡ് മാസ്റ്റർ, കെ.കെ. എം. എച്ച്.എസ്.എസ്. വണ്ടിത്താവളം, പാലക്കാട് - 678 534.
ശ്രീമതി വിൻസി. എം., എച്ച്. എസ്.എസ്.ടി ജൂനിയർ (ഇക്കണോമിക്സ്), കെ.കെ.എം. എച്ച്. എസ്.എസ്. വണ്ടിത്താവളം, പാലക്കാട് - 678 534.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 16-12-2025 11:11:32
സെക്ഷൻ ഓഫീസർ